## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 236** | **08-08-2023 - ൽ മറുപടിയ്ക്ക്**

### കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ നികത്താൻ നടപടി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</td><td colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട് എന്നറിയിക്കാമോ;</td><td>(എ)</td><td>കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ 7 ഒഴിവുകൾ നിലവിൽ ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><td>തസ്തിക</td><td>ഒഴിവുകളുടെ എണ്ണം</td></tr>
<tr><td>അസിസ്റ്റന്റ് സർജൻ</td><td>1</td></tr>
<tr><td>ഹെൽത്ത് സൂപ്പർവൈസർ</td><td>1</td></tr>
<tr><td>പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ</td><td>1</td></tr>
<tr><td>പബ്ലിക് ഹെൽത്ത് നഴ്സ്</td><td>1</td></tr>
<tr><td>JPHN Gr I</td><td>2</td></tr>
<tr><td>നഴ്സിംഗ് അസിസ്റ്റന്റ്</td><td>1</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഗൈനക്കോളജിസ്റ്റിന്റെ അഭാവം കാരണം കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പ്രസവകേസുകൾ അറ്റൻഡ് ചെയ്യാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;</td><td>(ബി)</td><td>കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ രണ്ട് ജൂനിയർ കൺസൾട്ടന്റ് തസ്തിക നിലവിൽ ഉണ്ട്. ടി തസ്തികയിൽ ഒരാൾ മെഡിക്കൽ അവധിയിൽ പ്രവേശിച്ചതിനാൽ ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനം മാത്രമേ നിലവിൽ ലഭിക്കുന്നുള്ളൂ .</td></tr>
<tr><td>(സി)</td><td>ദീർഘകാലമായി നിലനിൽക്കുന്ന ഈ ഒഴിവ് കാരണം കുറ്റ്യാടി മണ്ഡലത്തിലെ പാവപ്പെട്ടവരും കർഷക തൊഴിലാളികളുമായ സാധാരണക്കാർക്ക് പ്രസവ കേസുകളിൽ വിദൂരത്തുള്ള ആശുപത്രികളെ ആശ്രയിക്കേണ്ടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;</td><td>(സി)</td><td>മറുപടി ബി പിരിവിൽ രേഖപ്പെടുത്തിട്ടുണ്ട്</td></tr>
<tr><td>(ഡി)</td><td>ഈ ഒഴിവു നികത്തുന്നതിന് അടിയന്തരമായി സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?</td><td>(ഡി)</td><td>മറുപടി ബി പിരിവിൽ രേഖപ്പെടുത്തിട്ടുണ്ട്</td></tr>
</table>

സെക്ഷൻ ഓഫീസർ